പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1438

14/12/2012 - ൽ മറുപടിയ്ക്ക്

പി. എം. ജി. എസ്. വൈ.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) പി. എം. ജി. എസ്. വൈ. യിൽ സംസ്ഥാനത്തിന് അനുവദിച്ച റോഡ് നിർമ്മാണം തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; | (എ) 2012-2013 വർഷം പി. എം. ജി. എസ്. വൈ. എട്ടാം ഘട്ടത്തിൽ പുതുതായി ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുന്നതിനായി ജില്ലകളിൽ നിന്നും സമർപ്പിച്ച റോഡുകളുടെ പട്ടിക സംസ്ഥാന തല സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. അതനുസരിച്ച് ഈ പ്രവത്തികൾക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് ജില്ലയിലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ (PIU) ചുമതലയുള്ള എക്സിക്യൂട്ടിവ് എൻജിനിയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ജില്ലകളിലും കൺസൾട്ടന്റ്മാരെ നിയോഗിച്ചിട്ടുണ്ട്. അതനുസരിച്ച് ജില്ലയിൽ നിന്നും ഏറ്റെടുക്കേണ്ട റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. |

(ബി) എത്ര കിലോമീറ്റർ റോഡാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) പി.എം.ജി.എസ്.വൈ പദ്ധതിപ്രകാരം 720 കി.മീ ദൈർഘ്യം വരുന്ന പുതിയ റോഡുകളുടെ പ്രോജക്ട് സമർപ്പിക്കുവാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ഉണ്ട്.

(ഡി) പ്രസ്തുത പദ്ധതി റിപ്പോർട്ട് എന്നാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുവാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ ?

(ഡി) 2012 ഡിസംബർ അവസാനത്തോടെ കേന്ദ്ര സർക്കാരിൽ സമർപ്പിക്കാൻ സാധിക്കുന്നതാണ്. 333 പ്രോജകടുകളാണ് ഈ വർഷം സമർപ്പിക്കാൻ ഉദ്ദ്യേശിക്കുന്നത്. വിശദമായ പ്രോജക്ട് റിപ്പോർട്ട് പരിശോധനയ്ക്കായി സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസികൾക്ക് ഉടൻ സമർപ്പിക്കുന്നതാണ്. സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസി പരിശോധിച്ചതിന് ശേഷം കേന്ദ്രസർക്കാർ ഈ പദ്ധതിക്കായി രൂപപ്പെടുത്തിയിട്ടുള്ള വെബ്സൈറ്റിൽ രേഖപ്പെടുത്തി അത് സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസി മുഖാന്തിരം ഓൺലൈനായി കേന്ദ്രസർക്കാരിന് അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ